**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3585** **08-10-2025 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളുടെ സ്മാർട്ട് കെട്ടിടമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിൽ തിരുവാഴിയാട്, അയിലൂർ, കൊല്ലങ്കോട്-1, നെന്മാറ, വല്ലങ്ങി, നെല്ലിയാമ്പതി, എലവഞ്ചേരി, വടവന്നൂർ എന്നീ 8 വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ളതും അതിൽ തിരുവാഴിയാട്, അയിലൂർ, കൊല്ലങ്കോട്-1, നെന്മാറ, വല്ലങ്ങി എന്നീ 5 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. നിർമ്മാണം പുരോഗമിച്ചു വരുന്ന എലവഞ്ചേരി വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണം 31.03.2026-നകവും, നെല്ലിയാമ്പതി വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണം 30.11.2025-നകവും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വടവന്നൂർ വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന പഴയ കെട്ടിടം പൊളിച്ചു മാറ്റുന്ന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര സ്മാർട്ട് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്; ആയത് എന്നത്തേക്ക് പൂർത്തീകരിക്കും; വിശദമാക്കുമോ? | (ബി) | എ പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ